**മധുരമായ കുട്ടികളേ, നിങ്ങൾ രാജഋഷിമാരാണ്, നിങ്ങളെ പരിധിയില്ലാത്ത ബാബ മുഴുവൻ ലോകത്തെയും സന്യസിക്കാൻ പഠിപ്പിക്കുകയാണ് അതിലൂടെ നിങ്ങൾക്ക് രാജപദവി പ്രാപ്തമാക്കാൻ കഴിയുന്നു.**

**ചോദ്യം:** ഈ സമയം ഒരു മനുഷ്യന്റേയും കർമ്മം അകർമ്മമാകാൻ കഴിയുകയില്ല, എന്തുകൊണ്ട്?
**ഉത്തരം:** എന്തുകൊണ്ടെന്നാൽ മുഴുവൻ ലോകത്തിലും രാവണന്റെ രാജ്യമാണ്. എല്ലാവരിലും 5 വികാരങ്ങൾ പ്രവേശിച്ചിരിക്കുകയാണ്, അതുകൊണ്ട് മനുഷ്യർ ഏതു കർമ്മം ചെയ്താലും അത് വികർമ്മമായി ഭവിക്കുന്നു. സത്യയുഗത്തിൽ മാത്രമാണ് കർമ്മം അകർമ്മമാകുന്നത് കാരണം അവിടെ മായയുണ്ടാകുകയില്ല.

**ചോദ്യം:** ഏതു കുട്ടികൾക്കാണ് വളരെ നല്ല സമ്മാനം ലഭിക്കുന്നത്?
**ഉത്തരം:** ആരാണോ ശ്രീമതപ്രകാരം പവിത്രമായി അന്ധരുടെ ഊന്നുവടിയാകുന്നത്, ഒരിക്കലും 5 വികാരങ്ങൾക്ക് വശപ്പെട്ട് കുലകളങ്കിതരാകാത്തത്, അവർക്ക് വളരെ നല്ല സമ്മാനം ലഭിക്കുന്നു. ആരെങ്കിലും ഇടക്കിടെ മായയോട് തോറ്റുപോകുകയാണെങ്കിൽ അവരുടെ പാസ്പോർട്ടുതന്നെ ക്യാൻസലാകുന്നു.

**ഗീതം:** ഓം നമോ ശിവായ . . . . .

**ഓം ശാന്തി.** എല്ലാവരേക്കാളും ഉന്നതനാണ് പരമപിതാ പരമാത്മാവ് അർത്ഥം പരം ആത്മാവ്. പരമാത്മാവ് രചയിതാവാണ്. ആദ്യം ബ്രഹ്മാവ്, വിഷ്ണു, ശങ്കരൻ എന്നിവരെ രചിക്കുന്നു, ഇനി താഴോട്ടു അമരലോകത്തിലേയ്ക്ക് വന്നാൽ, അവിടെയാണ് ലക്ഷ്മീ-നാരായണന്റെ രാജ്യം. സൂര്യവംശികളുടെ രാജ്യം, ചന്ദ്രവംശികളുടെയല്ല. ഇതാരാണ് പറഞ്ഞു മനസ്സിലാക്കിത്തരുന്നത്? ജ്ഞാന സാഗരൻ. മനുഷ്യൻ, മനുഷ്യന് ഒരിക്കലും പറഞ്ഞുകൊടുക്കാൻ കഴിയുകയില്ല. ബാബ സർവ്വരിലും ഉന്നതനാണ്, ആരെയാണോ ഭാരതവാസികൾ മാതാ-പിതാവെന്ന് വിളിക്കുന്നത്. അതുകൊണ്ട് മാതാ-പിതാവ് പ്രാക്ടിക്കലായി വേണം. പാടുന്നുണ്ടെങ്കിൽ തീർച്ചയായും ഏതെങ്കിലും സമയത്ത് ഉണ്ടായിരിക്കണം. എങ്കിൽ ആദ്യമാദ്യം ഏറ്റവും ഉന്നതൻ ആ നിരാകാര പരമപിതാ പരമാത്മാവാണ്, ബാക്കി എല്ലാവരിലും ആത്മാവുണ്ട്. ആത്മാവ് എപ്പോഴാണോ ശരീരത്തിൽ വരുന്നത് അപ്പോഴാണ് ദുഃഖിയും സുഖിയുമായി മാറുന്നത്. ഇത് വളരെ മനസ്സിലാക്കേണ്ട കാര്യമാണ്. ഇത് ഒരു കെട്ടുകഥയൊന്നുമല്ല. ബാക്കി എന്തെല്ലാമാണോ ഗുരുക്കന്മാരും മറ്റും കേൾപ്പിക്കുന്നത്, അതെല്ലാം അന്ധവിശ്വാസമാണ്. ഇപ്പോൾ ഭാരതം നരകമാണ്. ലക്ഷ്മീ-നാരായണൻ രാജ്യം ഭരിച്ചിരുന്നു, അവിടെ എല്ലാവരും സൗഭാഗ്യശാലികളായിരുന്നു. ഒരു ദുർഭാഗ്യശാലിയുമുണ്ടായിരുന്നില്ല. ഒരുതരത്തിലുള്ള ദുഃഖമോ രോഗമോ ഉണ്ടായിരുന്നില്ല. ഇത് പാപാത്മാക്കളുടെ ലോകമാണ്. ഭാരതവാസികൾ സ്വർഗ്ഗവാസികളായിരുന്നു, ലക്ഷ്മീ-നാരായണന്റെ രാജ്യമുണ്ടായിരുന്നു. കൃഷ്ണനെയാണെങ്കിൽ എല്ലാവരും അംഗീകരിക്കുന്നുണ്ട്. നോക്കൂ, ഇദ്ദേഹത്തിന് രണ്ട് ഗോളങ്ങളാണ് നൽകിയിരിക്കുന്നത്. കൃഷ്ണന്റെ ആത്മാവ് പറയുന്നു - ഞാനിപ്പോൾ നരകത്തെ തട്ടിമാറ്റുന്നു. സ്വർഗ്ഗം കൈയ്യിൽ കൊണ്ടു വന്നിരിക്കുകയാണ്. ആദ്യം കൃഷ്ണ പുരിയായിരുന്നു, ഇപ്പോൾ കംസപുരിയാണ്. ഇതിൽ ഈ ശ്രീകൃഷ്ണനുമുണ്ട്. ഇദ്ദേഹത്തിന്റെ 84 ജന്മങ്ങളിലെ അവസാനജന്മമാണ് ഇത്. എന്നാൽ ഇപ്പോൾ ആ കൃഷ്ണന്റെ രൂപമില്ല. ഇത് ബാബയാണ് ഇരുന്ന് മനസ്സിലാക്കിത്തരുന്നത്. ബാബ തന്നെ വന്നാണ് ഭാരതത്തെ സ്വർഗ്ഗമാക്കി മാറ്റുന്നത്. ഇപ്പോൾ നരകമാണ്, വീണ്ടും സ്വർഗ്ഗമാക്കി മാറ്റാൻ ബാബ വന്നിരിക്കുകയാണ്. ഇത് പഴയലോകമാണ്. ഏതാണോ പുതിയ ലോകമായിരുന്നത്, അത് ഇപ്പോളില്ല. കെട്ടിടങ്ങളും പുതിയതിൽ നിന്ന് പഴയതായി മാറുന്നു. അവസാനം പൊളിക്കേണ്ട സ്ഥിതിയാകുന്നു. ഇപ്പോൾ ബാബ പറയുന്നു - ഞാൻ കുട്ടികളെ സ്വർഗ്ഗവാസികളാക്കുന്നതിന് രാജയോഗം പഠിപ്പിക്കുന്നു. നിങ്ങൾ രാജഋഷിമാരാണ്. രാജപദവി പ്രാപ്തമാക്കുന്നതിന് നിങ്ങൾ വികാരങ്ങളുടെ സന്യാസം ചെയ്തിരിക്കുകയാണ്. അത് പരിധിയുള്ള സന്യാസമാണ്, വീട് വിട്ട് കാട്ടിൽ പോകുന്നു. എന്നാൽ പഴയ ലോകത്തിൽ തന്നെയാണ്. പരിധിയില്ലാത്ത അച്ഛൻ നിങ്ങളെക്കൊണ്ട് നരകത്തിന്റെ പരിധിയില്ലാത്ത സന്യാസം ചെയ്യിപ്പിക്കുന്നു, പിന്നെ നിങ്ങൾക്ക് സ്വർഗ്ഗത്തിന്റെ സാക്ഷാൽക്കാരവും നൽകുന്നു. ബാബ പറയുന്നു ഞാൻ വന്നിരിക്കുന്നു നിങ്ങളെ കൊണ്ടുപോകാൻ. ബാബ എല്ലാവരോടും പറയുന്നു - നിങ്ങൾക്ക് നിങ്ങളുടെ ജന്മങ്ങളെക്കുറിച്ചറിയുകയില്ല. തീർച്ചയായും ഇങ്ങിനെയാണ് ആര് എങ്ങിനെയുള്ള കർമ്മം ചെയ്യുന്നുവോ നല്ലതോ ചീത്തയോ, ആ സംസ്ക്കാരമനുസരിച്ച് ജന്മവും എടുക്കും, ചിലർ സമ്പന്നർ, ചിലർ ദരിദ്രർ, ചിലർ രോഗികൾ, ചിലർ ആരോഗ്യവാന്മാരുമായിമാറുന്നു. ഇത് മുൻജന്മങ്ങളിലെ കർമ്മ

ഫലമാണ്. ആരെങ്കിലും ആരോഗ്യവാന്മാരായിരിക്കുന്നു എങ്കിൽ മുൻജന്മത്തിൽ ആശുപത്രി മുതലായവ ഉണ്ടാക്കിയിട്ടുണ്ടായിരിക്കാം. അധികം ദാനപുണ്യങ്ങൾ ചെയ്യുന്നുവെങ്കിൽ സമ്പന്നരായിമാറുന്നു. നരകത്തിൽ മനുഷ്യർ എന്തു കർമ്മങ്ങൾ തന്നെ ചെയ്താലും അതെല്ലാം തീൽച്ചയായും വികർമ്മം തന്നെയായിമാറും കാരണം എല്ലാവരിലും 5 വികാരങ്ങളുണ്ട്. സന്യാസിമാർ പവിത്രമായിരിക്കുന്നു, പാപകർമ്മങ്ങൾ ഉപേക്ഷിക്കുന്നു, കാട്ടിൽ പോയി താമസിക്കുന്നു, എന്നാൽ അവരുടെ കർമ്മങ്ങൾ അകർമ്മമാണെന്നില്ല. ബാബ പറയുന്നു ഈ സമയത്ത് മായയുടെ രാജ്യമാണ് അതുകൊണ്ട് മനുഷ്യരെന്തുതന്നെ കർമ്മം ചെയ്താലും അത് പാപ കർമ്മമായി ഭവിക്കും. സത്യ-ത്രേതായുഗങ്ങളിൽ മായയില്ല അതുകൊണ്ട് ഒരിക്കലും വികർമ്മമുണ്ടാകുന്നില്ല. യാതൊരു ദുഃഖങ്ങളുമുണ്ടാകുകയില്ല. ഈ സമയത്താണെങ്കിൽ ഒന്നാമതായി രാവണന്റെ ചങ്ങലയിലും പിന്നെ രണ്ടാമതായി ഭക്തിമാർഗ്ഗത്തിലെ ചങ്ങലയിലും കുടുങ്ങിയിരിക്കുകയാണ്. ജന്മജന്മാന്തരങ്ങളായി കഷ്ടപ്പെട്ടു വന്നിരിക്കുകയാണ്. ബാബ പറയുന്നു - ഞാൻ മുമ്പെയും പറഞ്ഞിരുന്നു ഈ ജപ-തപങ്ങൾകൊണ്ടൊന്നും എന്നെ ലഭിക്കുകയില്ല. ഞാൻ വരുന്നതു തന്നെ ഭക്തിയുടെ അന്ത്യമാകുമ്പോഴാണ്. ഭക്തി തുടങ്ങുന്നത് ദ്വാപരം മുതൽക്കാണ്. മനുഷ്യർ ദുഃഖിതരാകാൻ തുടങ്ങുമ്പോൾ ഓർമ്മിക്കുന്നു. സത്യ-ത്രേതായുഗങ്ങളിൽ സൗഭാഗ്യശാലികളാണ്, ഇവിടെ കലിയുഗത്തിൽ ദുർഭാഗ്യശാലികളാണ്. കരഞ്ഞുകൊണ്ടിരിക്കുകയാണ്. 84-ന്റെ ചക്രത്തിന് മഹിമയുണ്ട്. ഗവണ്മേണ്ട് ത്രിമൂർത്തിയുണ്ടാക്കുന്നതിൽ വേണ്ടത് ബ്രഹ്മാ-വിഷ്ണു-ശങ്കരന്മാരാണ്, പക്ഷെ കാണിച്ചിരിക്കുന്നത് മൃഗത്തെയാണ്. രചയിതാവായ ബാബയുടെ ചിത്രം കാണിച്ചിട്ടേയില്ല, എന്നാൽ താഴെ ചക്രം കാണിച്ചിട്ടുണ്ട്. അവർ കരുതുന്നത് ചർക്കയാണെന്നാണ്, പക്ഷെ അത് ഡ്രാമയാണ്, സൃഷ്ടി ചക്രമാണ്. ചക്രത്തിന്റെ പേരും വെച്ചിട്ടുണ്ട്, അശോക ചക്രം. നിങ്ങൾ ഈ ചക്രത്തെ മനസ്സിലാകുമ്പോഴാണ് അശോകരായി മാറുന്നത്. കാര്യം ശരിയാണ്, പക്ഷെ എല്ലാം തലതിരിച്ചിരിക്കുകയാണ്. നിങ്ങൾ 84 ജന്മങ്ങളുടെ ചക്രത്തിനെ ഓർമ്മിക്കുമ്പോൾ ചക്രവർത്തി രാജാവായി മാറുന്നു - 21 ജന്മത്തേയ്ക്ക്. ഈ ദാദയും 84 ജന്മം പൂർത്തിയാക്കി. ഇത് കൃഷ്ണന്റെ അവസാനത്തെ ജന്മമാണ്. ഇദ്ദേഹത്തിന് ബാബയിരുന്നു മനസ്സിലാക്കിക്കൊടുക്കുകയാണ്. വാസ്തവത്തിൽ നിങ്ങളെല്ലാവരുടേയും അന്തിമ ജന്മമാണ്, ആരാണോ ഭാരതവാസി ദേവി-ദേവതാ ധർമ്മത്തിൽ പെട്ടവർ അവർ 84 ജന്മങ്ങളെടുക്കുന്നു. ഇപ്പോൾ എല്ലാവരുടേയും ചക്രം പൂർത്തിയാകുകയണ്. നിങ്ങളുടെ ഈ ശരീരം ഇപ്പോൾ അഴുക്കുപിടിച്ചതായിരിക്കുകയാണ്. ഈ ലോകം തന്നെ അഴുക്കുപിടിച്ചതായിരിക്കുകയാണ്, അതുകൊണ്ടാണ് നിങ്ങളെക്കൊണ്ട് ഈ ലോകത്തിൽ നിന്ന് തന്നെ സന്യാസം ചെയ്യിപ്പിക്കുന്നത്. ഈ കബ്രിസ്ഥാനത്തിനോട് യാതൊരു മമത്വവും വെക്കരുത്. ഇപ്പോൾ ബാബയോടും സമ്പത്തിനോടും ആഗ്രഹം വെക്കൂ. നിങ്ങൾ ആത്മാക്കൾ അവിനാശിയാണ്, ഈ ശരീരം വിനാശിയാണ്. ഇപ്പോൾ എന്നെ ഓർമ്മിക്കുകയാണെങ്കിൽ അന്തിമ മനം പോലെ ഗതി ലഭിക്കും. പാടപ്പെട്ടിട്ടുമുണ്ട് അന്തിമ സമയത്ത് ആര് സ്ത്രീയെ സ്മരിക്കുന്നുവോ . . . . . . ഇപ്പോൾ ബാബ പറയുന്നു - അന്തിമ സമയം ആര് ശിവബാബയെ ഓർമ്മിക്കുന്നുവോ അവർക്ക് നാരായണന്റെ പദവി പ്രാപ്തമാക്കാൻ കഴിയും. നാരാണന്റെ പദവി ലഭിക്കുന്നതുതന്നെ സത്യയുഗത്തിലാണ്. ബാബക്കല്ലാതെ വേറെ ആർക്കും ഈ പദവി നൽകാൻ കഴിയുകയില്ല. ഈ പാഠശാല തന്നെ മനുഷ്യനിൽ നിന്ന് ദേവതയായി മാറുന്നതിനുള്ളതാണ്. പഠിപ്പിക്കുന്നവൻ ബാബയാണ്. അദ്ദേഹത്തിന്റെ മഹിമയാണ് - ഓം നമോ ശിവായഃ. നിങ്ങൾ കുട്ടികൾക്കറിയാം നാം അദ്ദേഹത്തിന്റെ മക്കളായിരിക്കുകയാണ്. ഇപ്പോൾ സമ്പത്തെടുത്തുകൊണ്ടിരിക്കുകയാണ്.

ഇപ്പോൾ നിങ്ങൾ മനുഷ്യമത പ്രകാരമല്ല നടക്കുന്നത്. മനുഷ്യമതപ്രകാരം നടന്നതുകൊണ്ടാണ് ഇപ്പോൾ എല്ലാവരും നരകവാസികളായിരിക്കുന്നത്. ശാസ്ത്രങ്ങളും മനുഷ്യരെക്കുറിച്ചാണ്, അതായത് മനുഷ്യരാണുണ്ടാക്കിയത്. മുഴുവൻ ഭാരതവും ഇപ്പോൾ ധർമ്മഭ്രഷ്ടവും കർമ്മഭ്രഷ്ടവുമായിരിക്കുകയാണ്. ദേവതകൾ പവിത്രമായിരുന്നു. ഇപ്പോൾ ബാബ പറയുന്നു - സൗഭാഗ്യശാലിയായി മാറണമെങ്കിൽ പവിത്രമായി മാറൂ, പ്രതിജ്ഞ ചെയ്യൂ, ബാബാ ഞങ്ങൾ പവിത്രമായിരുന്ന് അങ്ങയിൽ നിന്ന് മുഴവൻ സമ്പത്തുമെടുക്കും. ഈ പഴയ ലോകമാണെങ്കിൽ അവസാനിക്കാൻ പോകുകയാണ്. യുദ്ധങ്ങൾ, വഴക്കുകൾ - എന്തെല്ലാമാണ് നടന്നുകൊണ്ടിരിക്കുന്നത്. ക്രോധം എത്രയാണ്. ബോമ്പുകൾ എത്രയെത്ര വലുതാണുണ്ടാക്കി വെച്ചിരിക്കുന്നത്. എത്ര ക്രോധികളും ലോഭികളുമാണ്. അവിടെ കൃഷ്ണനെങ്ങിനെ ഗർഭക്കൊട്ടാരത്തിൽ നിന്ന് വരും എന്നതിന്റെ സാക്ഷാൽക്കാരം നിങ്ങൾ കുട്ടികൾ കണ്ടിട്ടുണ്ട്. ഇവിടെ ഗർഭ ജയിലാണ്, പുറത്തു വന്നാൽ മായ പാപം ചെയ്യിപ്പിക്കുന്നു. അവിടെ ഗർഭക്കൊട്ടാരത്തിൽ നിന്ന് കുട്ടി പുറത്തുവരുമ്പോൾ പ്രകാശം പരക്കുന്നു. വളരെ സന്തോഷത്തോടെ ഇരിക്കുന്നു. ഗർഭത്തിൽ നിന്ന് വന്നാലുടൻ ദാസിമാർ എടുത്തുപോകും, കളിപ്പിക്കാൻ തുടങ്ങും. ഇവിടെയും അവിടത്തേയും തമ്മിൽ വളരെ വ്യത്യാസമുണ്ട്.

നിങ്ങൾ കുട്ടികൾക്ക് 3 ധാമങ്ങളെക്കുറിച്ചും പറഞ്ഞു തന്നിട്ടുണ്ട്. ശാന്തിധാമത്തിൽ നിന്നു തന്നെ

യാണ് ആത്മാക്കൾ വരുന്നത്. ആത്മാക്കൾ നക്ഷത്ര സമാനമാണ്, മസ്തക മദ്ധ്യത്തിലാണിരിക്കുന്നത്. ആത്മാക്കളിൽ 84 ജന്മങ്ങളുടെ അവിനാശി റെക്കോർഡ് നിറക്കപ്പെട്ടിട്ടുണ്ട്. ഡ്രാമ ഒരിക്കലും വിനാശം പ്രാപിക്കുന്നില്ല, പാർട്ടും വ്യത്യസ്തമാകുന്നില്ല. ഇതും അത്ഭുതം തന്നെ – ഇത്രയും ചെറിയ ആത്മാവിൽ 84 ജന്മങ്ങളുടെ പാർട്ട് വളരെ കൃത്യമായി നിറച്ചിരിക്കുകയാണ്. ഇത് ഒരിക്കലും പഴയതാകുന്നില്ല. എന്നും പുതിയതാണ്. ആത്മാവ് വീണ്ടും തന്റെ അതേ പാർട്ട് തുടങ്ങുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾ ആത്മാവുതന്നെയാണ് പരമാത്മാവെന്നു പറയുകയില്ല. *ഹം സോ* – വിന്റെ അർത്ഥം ബാബ തന്നെയാണ് യഥാർത്ഥരീതിയിൽ പറഞ്ഞുതരുന്നത്. അവരാണെങ്കിൽ തലതിരിഞ്ഞ അർത്ഥങ്ങളാണ് ഉണ്ടാക്കുന്നത്, അല്ലെങ്കിൽ പറയും – ഞാൻ തന്നെയാണ് ബ്രഹ്മം, ഞാൻ തന്നെയാണ് മായയെ രചിക്കുന്ന പരമാത്മാവ്. വാസ്തവത്തിൽ മായയെ രചിക്കപ്പെടുന്നില്ല. മായയെന്നു പറയുന്നത് 5 വികാരങ്ങളെയാണ്. ആ അച്ഛൻ മായയെ രചിക്കുന്നില്ല. ബാബ രചിക്കുന്നത് പുതിയ സൃഷ്ടിയാണ്. ഞാൻ പുതിയ സൃഷ്ടി രചിക്കുന്നു, ഇത് വേറെ ആർക്കും കഴിയുകയില്ല. പരിധിയില്ലാത്ത അച്ഛൻ ഒരേയൊരാൾ മാത്രമാണ്. ഓം എന്നതിന്റെ അർത്ഥവും കുട്ടികൾക്ക് പറഞ്ഞു തന്നിട്ടുണ്ട്. ആത്മാവ് വാസ്തവത്തിൽ ശാന്തസ്വരൂപമാണ്. ശാന്തിധാമിൽ വസിക്കുന്നു. എന്നാൽ ബാബ ജ്ഞാനസാഗരനാണ്, ആനന്ദസാഗരനാണ്. ആത്മാവിനെക്കുറിച്ച് ഈ മഹിമ പാടുകയില്ല. ശരിയാണ്, ആത്മാവിൽ ജ്ഞാനമുണ്ട്. ബാബ പറയുന്നു – ഞാൻ ഒരു പ്രാവശ്യം മാത്രമേ വരുന്നുള്ളൂ. എനിക്ക് തീർച്ചയായും സമ്പത്ത് നൽകണം. ഞാൻ നൽകുന്ന സമ്പത്തു കൊണ്ടാണ് ഭാരതം സ്വർഗ്ഗമായി മാറുന്നത്. അവിടെ പവിത്രത, സുഖ-ശാന്തി എല്ലാമുണ്ടായിരുന്നു. ഇതാണ് പരിധിയില്ലാത്ത അച്ഛന്റെ സദാ സുഖത്തിന്റെ സമ്പത്ത്. എപ്പോഴാണോ പവിത്രതയുണ്ടായിരുന്നത് അപ്പോൾ സുഖ-ശാന്തിയുമുണ്ടായിരുന്നു. ബാബയിരുന്ന് പറഞ്ഞു തരുന്നു – നിങ്ങൾ ആത്മാക്കൾ ആദ്യമാദ്യം മൂലവതനത്തിലായിരുന്നു. പിന്നീട് ദേവീ-ദേവതാ ധർമ്മത്തിൽ വന്നു, പിന്നെ ക്ഷത്രിയ ധർമ്മത്തിൽ വന്നു, 8 ജന്മം സതോപ്രധാനം, 12 ജന്മം സതോ അവസ്ഥയിൽ, പിന്നീട് 21 ജന്മം ദ്വാപരത്തിൽ, പിന്നെ 42 ജന്മം കലിയുഗത്തിൽ. ഇവിടെ ശൂദ്രരായിരിക്കുകയാണ്, ഇപ്പോൾ വീണ്ടും ബ്രാഹ്മണ വർണ്ണത്തിൽ വരണം, പിന്നെ ദേവതാ വർണ്ണത്തിൽ വരും. നിങ്ങളിപ്പോൾ ഈശ്വരീയ മടിത്തട്ടിലാണ്. ബാബ എത്ര നല്ല രീതിയിലാണ് പറഞ്ഞു മനസ്സിലാക്കിത്തരുന്നത്. 84 ജന്മങ്ങളെ അറിയുമ്പോൾ അതിൽ എല്ലാം വരുന്നു. മുഴുവൻ ചക്രത്തിന്റേയും ജ്ഞാനം ബുദ്ധിയിലുണ്ട്. നിങ്ങൾക്ക് ഇതും അറിയാം സത്യയുഗത്തിൽ ഒരു ധർമ്മം മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ – വേൾഡ് ആൾമൈറ്റി അഥോറിറ്റിയുടെ രാജ്യം. ഇപ്പോൾ നിങ്ങൾ ലക്ഷ്മീ-നാരായണന്റെ പദവി പ്രാപ്തമാക്കിക്കൊണ്ടിരിക്കുകയാണ്. സത്യയുഗം പാവനമായ ലോകമാണ്, അവിടെ വളരെ കുറച്ചു പേരേ ഉണ്ടായിരിക്കുകയുള്ളൂ. ബാക്കിയുള്ളവരെല്ലാം മുക്തി ധാമത്തിലായിരിക്കും. സർവ്വരുടേയും മുക്തിദാതാവ് ഒരേയൊരു ബാബ തന്നെയാണ്. അദ്ദേഹത്തെ ആരും അറിയുന്നില്ല, എന്നിട്ടും പറയുന്നു സർവ്വവ്യാപിയാണെന്ന്. ബാബ പറയുന്നു – ഇത് ആരാണ് നിങ്ങളോട് പറഞ്ഞത്? പറയുകയാണ് ഗീതയിൽ എഴുതിയിട്ടുണ്ട്. ഗീത ആരാണ് ഉണ്ടാക്കിയത്? ഭഗവാനു വാചാ – ഞാൻ ഈ സാധാരണ ശരീരത്തിന്റെ ആധാരമെടുക്കുകയാണ്. യുദ്ധക്കളത്തിൽ എങ്ങിനെ ഒരു അർജ്ജുനനുമാത്രം ജ്ഞാനം കേൾപ്പിക്കും? നിങ്ങളെ ഏതെങ്കിലും യുദ്ധമോ, ചൂതുകളിയോ മറ്റോ പഠിപ്പിച്ചു തരുന്നുണ്ടോ? ഭഗവാനാണെങ്കിൽ മനുഷ്യനിൽ നിന്ന് ദേവതയാക്കി മാറ്റുന്നവനാണ്. അദ്ദേഹം എങ്ങിനെ പറയും ചൂതു കളിക്കൂ, യുദ്ധം ചെയ്യൂ എന്നെല്ലാം. പിന്നെ പറയുന്നു ദ്രൗപദിക്ക് 5 പതിമാരുണ്ടായിരുന്നു. ഇതെങ്ങിനെ നടക്കും? കല്പം മുന്നെയും ബാബ സ്വർഗ്ഗം രചിച്ചിരുന്നു, ഇപ്പോൾ വീണ്ടും ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. കൃഷ്ണന്റെ 84 ജന്മം പൂർത്തിയായി, എതുപോലെ രാജാ-റാണി അതുപോലെ പ്രജകളും, എല്ലാവരുടേയും 84 ജന്മം പൂർത്തിയായി. ഇപ്പോൾ നിങ്ങൾ ശൂദ്രനിൽ നിന്ന് മാറി ബ്രാഹ്മണനായിരിക്കുകയാണ്. ബ്രാഹ്മണ ധർമ്മത്തിൽ വരുന്നവർ മാത്രമേ മമ്മാ-ബാബയെന്നു പറയുകയുള്ളൂ. ചിലർ അംഗീകരിക്കുന്നു, ചിലർ അംഗീകരിക്കുന്നില്ല. കരുതുകയാണ് ഇത് നമുക്ക് വളരെ ഉയർന്ന ലക്ഷ്യമാണ്. എന്തെങ്കിലും കുറച്ചൊക്കെ കേട്ടാൽ തീർച്ചയായും സ്വർഗ്ഗത്തിൽ വരും. പക്ഷെ പദവി താഴ്ന്നതായിരിക്കും. അവിടെ രാജാവും പ്രജയുമൊക്കെ വളരെ സുഖത്തിലായിരിക്കും. പേരു തന്നെ സ്വർഗ്ഗം എന്നാണ്. *ഹെവൻലി ഗോഡ് ഫാദർ ഹെവൻ* സ്ഥാപിക്കുന്നു, ഇത് നരകമാണ്. എല്ലാ സീതമാരേയും രാവണൻ ജയിലിലടച്ചിരിക്കുകയാണ്. എല്ലാവരും ദുഃഖിതരായി ഭഗവാനെ ഓർമ്മിച്ചുകൊണ്ടിരിക്കുകയാണ്, ഈ രാവണനിൽ നിന്ന് മോചിപ്പിക്കപ്പെടാൻ. സത്യയുഗം അശോക വാടികയാണ്. ഏതുവരേയും നിങ്ങളുടെ സൂര്യവംശി രാജധാനി സ്ഥാപനമാകുന്നില്ലയോ അതുവരേയും വിനാശം നടക്കുകയില്ല. രാജധാനി സ്ഥാപിതമാകുമ്പോൾ, കുട്ടികളുടെ കർമ്മാതീത അവസ്ഥയാകുമ്പോൾ മാത്രമേ അവസാന യുദ്ധമുണ്ടാകൂ, അതു വരേക്കും *റിഹേഴ്സലുകൾ* നടന്നുകൊണ്ടിരിക്കും. ഈ യുദ്ധത്തിനു ശേഷം സ്വർഗ്ഗത്തിന്റെ വാതിൽ തുറക്കപ്പെടും. നിങ്ങൾ കുട്ടികൾക്ക് സ്വർഗ്ഗത്തിൽ പോകുന്നതിന് യോഗ്യരായി മാറണം. ബാബ പാസ്പോർട്ട് നൽകുകയാണ്. എത്രയും പവിത്രമായി മാറുന്നുവോ, അന്ധരുടെ ഊന്നുവടിയായി മാറുന്നുവോ, അത്രയും ഉയർന്ന സമ്മാനം ലഭിക്കും. ബാബയോട് പ്രതിജ്ഞ ചെയ്യണം – മധുരമായ

ബാബാ, ഞാൻ തിർച്ചയായും അങ്ങയുടെ ശ്രീമതപ്രകാരം നടക്കും. മുഖ്യമായത് പവിത്ര തന്നെയാണ്. 5 വികാരങ്ങളുടെ ദാനം തീർച്ചയായും നൽകേണ്ടതുണ്ട്. ചിലർ തോൽവി ഏറ്റുവാങ്ങിയിട്ടും പിന്നീട് എഴുന്നേറ്റു വരുന്നു. രണ്ടു-നാലു പ്രാവശ്യം മായയുടെ അടി വാങ്ങിക്കുന്നുയെങ്കിൽ തോറ്റുപോകും. പാസ്പോർട്ട് കാൻസലാകും. ബാബ പറയുന്നു - കുട്ടികളേ കുലകളങ്കിതരാകരുത്. നിങ്ങൾ വികാരത്തെ ത്യജിക്കൂ. ഞാൻ നിങ്ങളെ തീർച്ചയായും സ്വർഗ്ഗത്തിന്റെ അധികാരിയാക്കി മാറ്റും. ശരി.

വളരെക്കാലത്തെ വേർപാടിന് ശേഷം കളഞ്ഞ് പോയി തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണക്കുള്ള മുഖ്യമായ സാരം -

1. സൗഭാഗ്യശാലിയായി മാറുന്നതിന് ബാബയോട് പവിത്രതയുടെ പ്രതിജ്ഞ ചെയ്യണം. ഈ അഴുകിയ പതിത ലോകത്തിൽ നിന്ന് ബുദ്ധിയെ അകറ്റണം.

2. ഒരിക്കലും മായയുടെ അടി വാങ്ങിക്കരുത്. കുലകളങ്കിതരായി മാറരുത്. യോഗ്യരായി മാറി ബാബ യിൽ നിന്ന് സ്വർഗ്ഗത്തിന്റെ പാസ്പോർട്ട് വാങ്ങിക്കണം.

## വരദാനം:- മനസ്സിനെ ബിസിയാക്കി വെക്കുന്ന കലയിലൂടെ വ്യർത്ഥത്തിൽ നിന്ന് മുക്തരായിരിക്കുന്ന സദാ സമർത്ഥ സ്വരൂപരായി ഭവിക്കട്ടെ.

ഇന്നത്തെക്കാലത്ത് ലോകത്തിൽ വലിയ പൊസിഷനിലിരിക്കുന്നവർ തങ്ങളുടെ കാര്യങ്ങളുടെ ദിനചര്യ സമയപ്രമാണം സെറ്റ് ചെയ്യാറുണ്ട്, അതേപോലെ വിശ്വത്തിന്റെ നവനിർമ്മാണത്തിന് ആധാരമൂർത്തികളായ താങ്കൾ പരിധിയില്ലാത്ത ഡ്രാമയിൽ ഹീറോ ആക്റ്റേഴ്സാണ്, വജ്ര സമാന ജീവിതം നയിക്കുന്നവരാണ്. താങ്കളും താങ്കളുടെ മനസ്സിനെയും ബുദ്ധിയെയും സമർത്ഥ സ്ഥിതിയിൽ സ്ഥിതി ചെയ്യുന്നതിനുള്ള പ്രോഗ്രാം സെറ്റ് ചെയ്യൂ. മനസ്സിനെ ബിസിയാക്കി വെക്കുന്നതിന്റെ കല സമ്പൂർണ്ണ രീതിയിൽ ഉപയോഗിക്കൂ എങ്കിൽ വ്യർത്ഥത്തിൽ നിന്ന് മുക്തമാകും. ഒരിക്കലും അപ്സെറ്റാകുകയില്ല.

## സ്ലോഗൻ:- ഡ്രാമയുടെ ഓരോ ദൃശ്യവും കണ്ട് ഹർഷിതരായിരിക്കൂ എങ്കിൽ ഒരിക്കലും നല്ലതിന്റെയോ ചീത്തയുടെയോ ആകർഷണത്തിൽ വരികയില്ല.